# ബാങ്ക് ദേശവൽക്കരണം –
# ഇന്ത്യൻ സാമ്പത്തിക വിപ്ലവത്തിന്റെ നാഴികക്കല്ല്

**ആർ. ചന്ദ്രശേഖരൻ**
**INTUC സംസ്ഥാന പ്രസിഡന്റ്,**

ഇന്ത്യയിലെ ബാങ്ക് ദേശവൽക്കരണം അര നൂറ്റാണ്ട് പിന്നിട്ടിരിക്കുന്നു. 1969 ജൂലൈ 19 ന് രാജ്യത്തെ 14 വൻകിട ബാങ്കുകൾ ദേശവൽക്കരിച്ച ഇന്ദിരാഗാന്ധിയുടെ നടപടി ഇന്ത്യൻ സാമ്പത്തിക വിപ്ലവത്തിന്റെ നാഴികക്കല്ലും സോഷ്യലിസ്റ്റ് പാതയിലെ ധൃതഗതി മുന്നേറ്റവുമായിരുന്നു. രാജ്യത്തെയും സ്വന്തം പാർട്ടിയിലെയും സമ്പന്നവിഭാഗങ്ങളോട് പരസ്യമായി വെല്ലുവിളി ഉയർത്തിയാണ് ഈ സാമ്പത്തിക വിപ്ലവത്തിന് ഇന്ദിരാഗാന്ധി നേതൃത്വം നൽകിയത്.

സാമ്പത്തിക ശക്തികളും നീതി-ന്യായ സംവിധാനങ്ങളും വൻകിട പത്ര മാധ്യമങ്ങളും സാമൂദായിക മതശക്തികളും ഈ സാമൂഹ്യവിപ്ലവ നടപടിയെ എതിർത്തെങ്കിലും ഇന്ദിരാഗാന്ധിയുടെ നിശ്ചയദാർഢ്യത്തിന് പിന്നിൽ അതെല്ലാം നിഷ്പ്രഭമായി. സ്വന്തം പാർട്ടി പിളരുമെന്ന് വന്നപ്പോൾ അതും ഒരു വെല്ലുവിളിയായി അവർ ഏറ്റെടുത്തു. ഈ വിപ്ലവ നടപടിയുടെ പേരിൽ കോൺഗ്രസ്സിലെ സമ്പന്നവർഗ്ഗം 1969 നവംബർ 12 ന് പ്രധാന മന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയെ കോൺഗ്രസ്സിൽ നിന്നും പുറത്താക്കി. കോൺഗ്രസ്സിലെ സമ്പന്ന വിഭാഗ പിൻതുണക്കാരെ പുറത്താക്കി ഇന്ദിരാഗാന്ധി പുതിയ പാർട്ടി രൂപീകരിച്ചു. കോൺഗ്രസ്സ് പിളർന്ന് സിൻഡിക്കേറ്റും ഇൻഡിക്കേറ്റും വിഭാഗങ്ങളായി മാറി.

1971 ലെ തിരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പേരിൽ ആരും മത്സരിച്ചില്ല. ഈ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്റെ ചിഹ്നമായ നുകം വച്ച കാള തർക്കം മൂലം മരവിപ്പിക്കപ്പെട്ടു. ഔദ്യോഗിക സമ്പന്ന വിഭാഗം കോൺഗ്രസ്സ് - O (Organisation – സംഘടന) എന്ന പേരിൽ ചർക്കയിൽ നൂൽനൂൽക്കുന്ന സ്ത്രീ ചിഹ്നത്തിൽ മത്സരിച്ചു. ഇന്ദിരാഗാന്ധി വിഭാഗം കോൺഗ്രസ്സ് – R (Requisitionist - നിയോഗിതർ) എന്ന പേരിൽ പശുവും കന്നും ചിഹ്നത്തിലും മത്സരിച്ചു. കോൺഗ്രസ്സ് - O 16 സീറ്റിലും ഇന്ദിരാഗാന്ധി നയിച്ച കോൺഗ്രസ്സ് -R 352 സീറ്റിലും വിജയിച്ചു. ജാതി – മത ചിന്തകൾക്ക് അതീതമായി ബാങ്ക് ദേശവൽക്കരണമെന്ന സാമ്പത്തിക വിപ്ലവത്തിന് തൊഴിലാളികളും പാവപ്പെട്ടവരും ചെറുകിട കർഷകരും ചെറുകിട വ്യവസായികളും വ്യാപാരികളും നൽകിയ പിൻതുണയായിരുന്നു ഇന്ദിരാഗാന്ധിയുടെ ഈ വൻവിജയം.

## ബാങ്ക് ദേശവൽക്കരണം – സോഷ്യലിസ്റ്റ് മുന്നേറ്റം

സ്വതന്ത്രഭാരതത്തിൽ നെഹ്റുവിന്റെ നേതൃത്വത്തിൽ നടത്തിയ 1948 ലെ റിസർവ് ബാങ്ക് ദേശവൽക്കരണത്തിനും, 1950 ലെ ഭരണഘടനാ പ്രഖ്യാപനത്തിനും, 1950 ലെ പ്ലാനിംഗ് കമ്മീഷൻ രൂപീകരണത്തിനും, 1951 ലെ പഞ്ചവൽസര പദ്ധതി രൂപീകരണത്തിനും, 1955 ലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യാ ദേശവൽക്കരണത്തിനും, 1956 ലെ വ്യവസായനയ പ്രഖ്യാപനത്തിനും, 1960 ലെ ഹരിതവിപ്ലവത്തിനും പിന്നാലെ സോഷ്യലിസ്റ്റ് പാതയിലേയ്ക്കുള്ള പ്രയാണത്തിന്റെ അടുത്തഘട്ടമായിരുന്നു 1969 ലെ ബാങ്ക് ദേശവൽക്കരണം.

രാജ്യത്ത് പ്രവർത്തിച്ചിരുന്ന 430 ഓളം വാണിജ്യ ബാങ്കുകളിൽ പലതും തട്ടിപ്പും വെട്ടിപ്പും നടത്തി പാപ്പരായി പ്രഖ്യാപിക്കപ്പെട്ടിരുന്നു. ഇതുമൂലം പാവപ്പെട്ട നിഷേപകർക്ക് വ്യാപകമായ തോതിൽ പണം നഷ്ടപ്പെട്ടു. വായ്പകളിൽ എഴുപത് ശതമാനവും ഒരു ശത മാനം വരുന്ന വൻകിട വ്യവസായികൾക്ക് മാത്രം നൽകുന്ന രീതിയായിരുന്നു.

കാർഷിക മേഖലയ്ക്ക് നൽകി വന്ന വായ്പ കേവലം 2 ശതമാനത്തിന് താഴെ മാത്രം. ബാങ്കുകളിലെ ഡയറക്ടർമാർ കുറഞ്ഞ പലിശയ്ക്ക് സ്വന്തം ബാങ്കുകളിൽ നിന്ന് വായ്പ കൾ സ്വയം എഴുതിയെടുത്ത് മറ്റ് മേഖലകളിൽ നിക്ഷേപിച്ച് സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ പോലും തടസ്സപ്പെടുത്തിയിരുന്നു. നഗരങ്ങളിൽ മാത്രം ബാങ്കിംഗ് പ്രവർത്തനം നടത്തി വന്ന ഇവർ 70 ശതമാനം ജനങ്ങളും അതിവസിക്കുന്ന ഗ്രാമങ്ങളെ പാടെ അവഗണിച്ചു. ചെറുകിട വ്യവസായ - വാണിജ്യ മേഖലയ്ക്കും ചെറുകിട കയറ്റുമതി ക്കാർക്കും ബാങ്കുകളുടെ വായ്പ സേവനം ലഭ്യമായിരുന്നില്ല. ഈ സാഹചര്യത്തിലാണ് ബാങ്ക് ദേശവൽക്കരണമെന്ന ആശയത്തിന് ഇന്ദിരാഗാന്ധി രൂപം കൊടുത്തത്. ഇതനുസ രിച്ച് രാജ്യത്തെ ബാങ്ക് നിഷേപത്തിന്റെ എഴുപത് ശതമാനവും കൈയ്യടയ്ക്കിയിരുന്ന 14 പ്രധാന സ്വകാര്യ ബാങ്കുകൾ 1969 ജൂലൈ 19 ന് പ്രത്യേക ഓഡിനൻസിലൂടെ ദേശ വൽക്കരിച്ച് പൊതുമേഖലയിലാക്കി.

## ദേശവൽക്കരണത്തിന് ശേഷം......

സാമൂഹ്യക്ഷേമത്തിലും ചെറുകിട - കാർഷിക - വ്യാവസായിക - വാണിജ്യ പ്രവർത്തനങ്ങളിലും അവയുടെ കയറ്റുമതിയിലും ബാങ്കിംഗ് സേവനവും കുറഞ്ഞ പലിശ നിരക്കിൽ വായ്പകളും ലഭ്യമാക്കുക, ഗ്രാമീണ മേഖലയിൽ സർക്കാർ നിയന്ത്രണങ്ങൾക്ക് വിധേയമായി സാധാരണക്കാർക്ക് ബാങ്കുകളുടെ സേവനം ലഭ്യമാക്കുക, ബാങ്കുകളുടെ പ്രവർത്തനത്തിൽ സ്വകാര്യ കുത്തകകളുടെ പ്രവർത്തന രീതി തടയുക, ജനങ്ങളുടെ നിക്ഷേപത്തിന് സുരക്ഷിതത്വം ഉറപ്പ് വരുത്തുക, ഊഹക്കച്ചവടങ്ങൾക്ക് ബാങ്ക് വായ്പ ഉപ യോഗപ്പെടുത്തുന്നത് നിരോധിക്കുക, ഉദാരവായ്പാ നയങ്ങളിലൂടെ പൊതുമേഖലാ ഉൽപാ ദന വ്യവസായ സംരംഭങ്ങൾ ശക്തിപ്പെടുത്തുക എന്നീ നിർദ്ദേശങ്ങൾ ദേശവൽക്കരണ നയത്തിലൂടെ പ്രഖ്യാപിച്ചു.

ഈ നയപ്രഖ്യാപനങ്ങൾ പ്രവൃത്തി പഥത്തിൽ വന്നപ്പോൾ ഊഹക്കച്ചവടങ്ങൾക്ക് വിരാമമായി. അനധികൃത പൂഴ്ത്തിവയ്പ്പും ആവശ്യവസ്തുക്കുടെ കൃത്രിമ ക്ഷാമവും തട യപ്പെട്ടു. തഴയപ്പെട്ടിരുന്ന ചെറുകിട സംരംഭങ്ങൾക്കും കാർഷിക മേഖലയ്ക്കും ഉദാരമായി വായ്പകൾ ലഭ്യമായി. വൻകിട വ്യവസായികൾക്ക് നൽകി വന്ന വായ്പകൾക്ക് നിയ ന്ത്രണം വന്നു. ബാങ്ക് ഡയറക്ടർമാർ കുറഞ്ഞ പലിശ നിരക്കിൽ തോന്നിയപോലെ വായ്പ കൾ എടുക്കുന്നത് ഒഴിവാക്കപ്പെട്ടു. ബാങ്കുകളുടെ നിക്ഷേപ വായ്പാ സംവിധാനങ്ങൾ രാജ്യപുരോഗതിയുടെ ഭാഗമായി മാറി. ജനങ്ങളുടെ നിക്ഷേപത്തിന് നൂറ് ശതമാനവും സുര ക്ഷിതത്വം ഉറപ്പു വന്നു. അനാവശ്യ മത്സരങ്ങളില്ലാതെ ബാങ്കുകളുടെ പ്രവർത്തനം പൊതു വിൽ കാര്യക്ഷമമായി. ഗ്രാമങ്ങളിൽ വ്യാപകമായി ബാങ്ക് ശാഖകകൾ പ്രവർത്തന സജ്ജ മായി. പൊതുമേഖലാ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെട്ടു. ബാങ്കുകളും വ്യവസായ ശാല കളും പൊതുമേഖലയിലായപ്പോൾ സോഷ്യലിസ്റ്റ് ആശയത്തിനും പ്രവർത്തനത്തിനും കൂടു തൽ ശക്തി കൈവന്നു.

## പുത്തൻ സാമ്പത്തിക നയം അപകടകരം

ലോകം തുടർന്നു വന്ന സാമ്പത്തിക രംഗത്തെ മുതലാളിത്വത്തിനും സോഷ്യലിസത്തിനും സമ്മിശ്ര സമ്പദ്വ്യവസ്ഥയ്ക്കും മാർക്കറ്റ് എക്കോണമിയ്ക്കും പിന്നാലെ കടന്നു വന്ന സാമ്പത്തിക ആശയമാണ് ക്രോണി ക്യാപ്പിറ്റലിസം അഥവാ സൗഹൃദ മുതലാളിത്തം. ഈ ആശയം ലോകമാകെ ഇന്ന് പിടിമുറുക്കിയിരിക്കുന്നു. മുതലാളിത്വത്തിന്റെ പൂർണ്ണാധിപത്യമാണ് ക്രോണികാപ്പിറ്റലിസത്തിന്റെ അന്തിമ ലക്ഷ്യം. ഇതിനായി കാർഷിക - വ്യവസായ - വാണിജ്യ - ശാസ്ത്ര സാങ്കേതിക രംഗത്തെയും, ദൃശ്യ - പത്ര മാധ്യമങ്ങളെയും, നവ സമൂഹമാധ്യമങ്ങളെയും, ഭരണക്കൂടങ്ങളെയും, രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും, ഉദ്യോഗസ്ഥവൃന്ദത്തെയും, നീതി - ന്യായ സംവിധാനത്തെയും, മതവിശ്വാസ ശക്തികളെയും ഇവർ തങ്ങളുടെ പണസ്വാധീനം ഉപയോഗിച്ച് കീഴടക്കിയും, വരുതിയിലാക്കിയും, പരസ്പരം തമ്മിലടിപ്പിച്ചും ഗൂഢപ്രവർത്തനങ്ങൾ നടത്തുമ്പോൾ സാധാരണ ജനങ്ങളും തൊഴിലാളികളും വരെ അറിയാതെ ഇവരുടെ വലയിൽപ്പെട്ടു പോയിരിക്കുന്നു.

കലാ - കായിക - സാംസ്കാരിക - സാഹിത്യ രംഗങ്ങളെയും ഇവർ മത്സാധിഷ്ഠിതമാക്കി. വ്യവസായ - വാണിജ്യ രംഗത്തെ ഓഹരി വിനിമയത്തെ പരസ്യമായ ചൂതുകളിയിലേയ്ക്ക് നയിച്ചിരിക്കുന്നു. കോർപ്പറേറ്റുകൾ തമ്മിലുള്ള കുടിപകയും - കിടമത്സരങ്ങളും മൂലം പല വ്യവസായ - വാണിജ്യ മേഖലകളും തകർന്നു. തട്ടിപ്പും, വെട്ടിപ്പും, കൊള്ളും കൊലയും വ്യാപകമായി. മതസ്ഥാപനങ്ങളെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും പുരോഗമന സാഹിത്യ - സാംസ്കാരിക വേദികളെയും, അവരുടെ അസ്ഥിത്വം തന്നെ ഇന്ന് തകർത്തിരിക്കുന്നു. തൊഴിലാളികളും ട്രേഡ് യൂണിയനുകളും വികസന വിരോധികളാണെന്ന പ്രചരണത്തിലൂടെ പരിഹസിച്ചും ആക്ഷേപിച്ചും സംഘടിത മുന്നേറ്റത്തെ തടയിടുന്നു. എന്നാൽ ഈ പ്രവർത്തനങ്ങളെയെല്ലാം നിയന്ത്രിക്കുന്ന സൗഹൃദ മുതലാളിത്തം എന്ന സാമ്പത്തിക ശാസ്ത്രത്തിന്റെ ദുരന്തം പ്രത്യക്ഷത്തിൽ അനുഭവേദ്യമാകുമ്പോൾ മാത്രമേ ഇതിന്റെ ഭീകരത ബോധ്യമാകൂ.

പോളണ്ടിൽ ആരംഭിച്ച് ഗോർബച്ചോവിന്റെ ഗ്ലാസ്നോസ്റ്റ് പെരിസ്ട്രോയിക്ക പ്രഖ്യാപനത്തിലൂടെ സോവിയറ്റ് യൂണിയൻ എന്ന രാഷ്ട്രത്തെ തകർത്തതും, പൂച്ച കറുത്തതോ വെളുത്തതോ എന്ന് നോക്കണ്ട എലിയെ പിടിക്കുന്നുണ്ടോ എന്ന് നോക്കിയാൽ മതിയെന്ന് പരസ്യമായി പറയാനും ക്രോണി ക്യാപിറ്റലിസത്തെ വരവേൽക്കാനും ചൈനീസ് കമ്മ്യൂണിസ്റ്റ് നേതാവ് ഡെങ് സിയാഒപിങ്ങിനെ പ്രേരിപ്പിച്ചതും, 28 ഓളം യൂറോപ്യൻ രാജ്യങ്ങളെ ഏകോപിപ്പിച്ച് യൂറോപ്യൻ യൂണിയൻ എന്ന ഏക രാജ്യരൂപീകരണവും, ഒരു ലോകം ഒരു വിപണി എന്ന ആഗോളവൽക്കരണവും, പണിയെടുക്കുന്നവരും തൊഴിലാളികളും എന്നതിനു പകരം ജനങ്ങൾക്കാകെ പൊതുസമൂഹം എന്ന പേര് ചാർത്തിയതും, മനുഷ്യജീവിതം എന്നാൽ മത്സരമാണെന്ന് പഠിപ്പിച്ചതും, എല്ലാ രംഗവും മത്സരാധിഷ്ടമാക്കിയതും ഇതേ സൗഹൃദ മുതലാളിത്വത്തിന്റെ ആശയം തന്നെ.

## 2008 ലെ ലോകസാമ്പത്തിക മാന്ദ്യം ഒരു തിരിച്ചറിവ്

സാമ്പത്തിക മത്സരത്തിന്റെ ഫലമായി 2008 ൽ അമേരിക്കയിലെ ലെഹ്മാൻ എന്ന പ്രശസ്ത സ്വകാര്യ ധനകാര്യ സ്ഥാപനം തകർച്ചയിൽ എത്തിയപ്പോൾ അമേരിക്കയും ലോകമാകെയും ഗുരുതര സാമ്പത്തിക മാന്ദ്യത്തിന്റെ പിടിയിൽ അമർന്നു. വ്യവസായ - വാണിജ്യ - ധനകാര്യ സ്ഥാപനങ്ങൾ ചീട്ടുകൊട്ടാരം പോലെ തകർന്നു വീണു. സാമ്പത്തിക അരാചകത്വവും തൊഴിലില്ലായ്മയും വ്യാപകമായി. ഭരണക്കൂടങ്ങൾ പലതും നിലം

പൊത്തി. ക്രോണി ക്യാപ്പിറ്റലിസത്തിന്റെ സാമ്പത്തിക വിദഗ്ധർ ഒന്നടങ്കം നിശബ്ദരായി. അന്നുവരെ സാമ്പത്തിക രംഗത്തെ വളർച്ചയെ കുറിച്ച് പ്രഭാഷണങ്ങളും പഠനങ്ങളും നിർദ്ദേശങ്ങളും ഉദ്ഘോഷിച്ച് നടന്ന സാമ്പത്തിക പ്രമുഖർ ഈ പ്രതിസന്ധിയ്ക്ക് പരിഹാരം നിർദ്ദേശിക്കുവാൻ സാധിക്കാതെ പകച്ചു നിന്നു. എന്നാൽ ഈ ആഗോളപ്രതിസന്ധിയിൽ ഉലഞ്ഞ് വീഴാതെ പിടിച്ചു നിന്ന രാജ്യങ്ങളിൽ പ്രമുഖ സ്ഥാനത്ത് ഇന്ത്യയായിരുന്നു. ബാങ്ക് ദേശവൽക്കരണത്തിന്റെ പ്രസക്തിയും പൊതുമേഖലയുടെ ശക്തിയും ലോക സാമ്പത്തിക വിദഗ്ധർ പോലും അന്ന് തിരിച്ചറിഞ്ഞു.

2011 ൽ നടന്ന അമേരിക്കയിലെ വാൾസ്ട്രീറ്റ് പ്രക്ഷോഭവും ഒരു കോടി ജനങ്ങൾ മാത്രമുള്ള ഗ്രീസിന്റെ തകർച്ചയും ഫ്രാൻസും ബ്രിട്ടണും ജപ്പാനും വരെ അനുഭവിക്കുന്ന സാമ്പത്തിക ഭരണദുരന്തങ്ങളും യൂറോപ്യൻ യൂണിയൻ എന്ന സങ്കൽപം തകർന്ന വീഴുന്നതും ഇതേ ക്രോണി ക്യാപിറ്റലിസത്തിന്റെ ബാക്കി പത്രമാണ്.

## അനുഭവത്തിൽ നിന്ന് പാഠം പഠിക്കാത്തവർ

2008 ലെ ലോകസാമ്പത്തിക മാന്ദ്യം സൃഷ്ടിച്ച ദുരന്തങ്ങളിൽ നിന്നും പാഠം പഠിക്കാത്തവർ ഇന്ന് ഇന്ത്യയിലെ മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങളെയും ദേശവൽക്കരിക്കപ്പെട്ട ബാങ്കുകളെയും സ്വകാര്യവൽക്കരിക്കുകയും സമ്പന്നന്മാർക്ക് മുന്നിൽ അടിയറവയ്ക്കുകയും ചെയ്യുന്നു. ഇതിനായി പ്ലാനിംഗ് കമ്മീഷൻ പിരിച്ചുവിട്ട് നീതി ആയോഗ് എന്ന ഒരു പ്രത്യേക വകുപ്പ് തന്നെ രൂപീകരിച്ചിരിക്കുന്നു. മുഴുവൻ സ്ഥാപനങ്ങളെയും സ്വകാര്യവൽക്കരിക്കുമെന്ന് പാർലമെന്റിന് അകത്തും പുറത്തും പ്രധാനമന്ത്രി അടക്കമുള്ളവർ പരസ്യമായി പ്രഖ്യാപിക്കുന്നു. വിദേശ കോർപ്പറേറ്റുകളെ ക്ഷണിച്ച് മേക്ക് ഇൻ ഇന്ത്യ പദ്ധതി പ്രഖ്യാപിക്കുന്ന ഭരണക്കൂടം രാജ്യവും രാജ്യവിഭവങ്ങളും പരസ്യമായി വിദേശികൾക്ക് വിൽക്കുന്നു. 50 ശതമാനത്തോളം നിരക്ഷരരുള്ള രാജ്യത്ത് ഡിജിറ്റലിസം എന്ന തുക്ലക് പരിഷ്കാരവും, നോട്ട് നിരോധനമെന്ന ഭ്രാന്തൻ തീരുമാനവും, അശാസ്ത്രീയ GST സമ്പ്രദായവും നടപ്പിലാക്കി ജനങ്ങളെയാകെ പരിഭ്രാന്തിയിലാക്കിയിരിക്കുന്നു. ഇവയെല്ലാം ഒരു വൻദുരന്തമായി ഭാവിയിൽ ജനങ്ങളെ ബാധിക്കുമെന്നതിൽ സംശയമില്ല. സമ്പന്ന ശക്തികൾ പൊതുമേഖലയിലേയ്ക്ക് കടന്നു വരുന്നത് സ്ഥാപനം നല്ലരീതിയിൽ പ്രവർത്തിപ്പിക്കാനല്ല മറിച്ച് പൊതുമേഖലയുടെ സ്ഥാവര ജംഗമവസ്തുക്കളും സ്ഥാപന പ്രശസ്തി മൂല്യവും കൈയ്ക്കലാക്കാൻ മാത്രമാണ്. ലളിതമായി പറഞ്ഞാൽ റിയൽ എസ്റ്റേറ്റ് താൽപര്യം മാത്രം.

നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടെയും ഭരണക്കാലത്ത് സാമ്പത്തിക കേന്ദ്രീകരണത്തിന് വ്യക്തമായ ക്രമീകരണനയം ആവിഷ്ക്കരിച്ചിരുന്നു. കയറ്റുമതി, ഇറക്കുമതി കർശനമായി നിയന്ത്രിക്കപ്പെട്ടിരുന്നു. എന്നാൽ ഇന്ന് ഒന്നിനും യാതൊരു നിയന്ത്രണവുമില്ല. സമ്പന്നമാർക്ക് എന്തും ചെയ്യാമെന്ന അവസ്ഥയാണ്. ഇതിന്റെ ഫലമായി ഒരു ഇന്ത്യൻ ധനാഢ്യന്റെ ഒരു ദിവസത്തെ വരുമാനം ശരാശരി 2200 കോടിയും ഒരു പാവപ്പെട്ടവന്റെ ശരാശരി വരുമാനം 30 രൂപയുമായി മാറിയിരിക്കുന്നുവെന്ന് അന്തർദേശീയ സാമ്പത്തിക വിദഗ്ധർ പോലും കണക്കാക്കിയിരിക്കുന്നു. രാജ്യത്ത് നടപ്പാക്കിയ ഉദാരവൽക്കരണ ആഗോള നയങ്ങൾ 2024 ൽ 33 വർഷം പിന്നിടുമ്പോഴും പുരോഗതി എങ്ങും എത്തിയില്ല. തൊഴിലാളികളും ചെറുകിട കർഷകരും ചെറുകിട വ്യവസായ – വ്യാപാരി സമൂഹവും അഭ്യസ്തവി

ദ്യരായ യുവതീ - യുവാക്കളും സാധാരണ ജനങ്ങളാകെയും അസ്വസ്തരാണ്. അവരുടെ ദൈനംദിന ജീവിതം എല്ലാ രീതിയിലും ഇന്ന് കഷ്ടതയിലായിരിക്കുന്നു. രാജ്യം സാമ്പത്തിക പ്രതിസന്ധിയിലാണെന്നും കടുത്ത നിയന്ത്രണങ്ങൾ അനിവാര്യമാണെന്നും ഭരണക്കൂടം ആവർത്തിക്കുന്നു. റിസർവ് ബാങ്കിലെ കരുതൽ ശേഖരധനമായ 9.63 ലക്ഷം കോടിയിൽ നിന്ന് 3.6 ലക്ഷം കോടി സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി എടുക്കുന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു രാജ്യം.

2019 ലെ തിരഞ്ഞെടുപ്പിൽ 90 കോടി വോട്ടർമാരിൽ 61 കോടി വോട്ട് ചെയ്തപ്പോൾ കേവലം 23 കോടി വോട്ടുകളുടെ സാങ്കേതിക ഭൂരിപക്ഷം നേടിയ ഭരണക്കൂടം രാജ്യത്തെ 143 കോടി ജനങ്ങളുടെ മേൽ അധികാര ധാർഷ്ട്യം നടത്തി സമ്പന്നൻമാർക്ക് നാട് കൊള്ളയടിക്കാൻ അവസരം നൽകുന്നു. ജനങ്ങളിൽ ജാതി - മത വിദ്വേഷം ജനിപ്പിച്ച് താൽക്കാലിക വിജയം നേടിയ ഭരണക്കൂടം തൊഴിൽ മേഖലയിൽ തൊഴിൽ നിയമങ്ങളെല്ലാം കോർപ്പറേറ്റ് താൽപര്യങ്ങൾക്കായി പൊളിച്ചെഴുതുന്നു. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ തീരുമാനങ്ങൾ നടപ്പിലാക്കുന്നില്ല. ഐക്യരാഷ്ട്രസഭ നിർദ്ദേശങ്ങൾ അവഗണിക്കുന്നു. ഇന്ത്യൻ ലേബർ കോൺഫറൻസ് ഇല്ലായ്മ ചെയ്തിരിക്കുന്നു. ചുരുക്കത്തിൽ 19 -ാം നൂറ്റാണ്ടിലെ അടിമത്വത്തിലേയ്ക്ക് തൊഴിൽ മേഖല നയിക്കപ്പെടുന്നു. ഇവിടെയാണ് നെഹ്റുവിന്റെ 18 വർഷത്തെ ഭരണത്തിന്റെയും ഇന്ദിരഗാന്ധിയുടെ 15 വർഷത്തെ ഭരണത്തിന്റെയും ഗുണഫലങ്ങൾ ബോധ്യപ്പെടുന്നത്. ഈ സന്ദർഭത്തിലാണ് ബാങ്ക് ദേശവൽക്കരണം ഇന്ത്യൻ സാമ്പത്തിക വിപ്ലവത്തിന്റെ നാഴികകല്ലായി മാറുന്നത്.

*****

**WORKERS ARE THE MAKERS OF REVOLUTION HISTORY AND VICTORY**

**Published By V.J. Joseph, General Secretary**
**for INTUC Kerala State Committee**